ഗ്രാമപഞ്ചായത്തുകളുടെ വെള്ളക്കരം കുടിശ്ശിക

3 [*297] ശ്രീ. സി. മോയിൻ കുട്ടി :

" ടി. പി. എം. സാഹിർ :

" കളത്തിൽ അബ്ദുള്ള :

" നാലകത്ത് സൂപ്പി :

" പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ഏതെങ്കിലും ഏജൻസികൾ മുഖേന പൊതു ടാപ്പുകൾ സ്ഥാപിക്കുമ്പോൾ വാട്ടർ അതോറിറ്റി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായമോ അനുവാദമോ തേടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ദൂരപരിധി എത്രയാണ് ;

(സി) പ്രസ്തുത നിബന്ധന പാലിക്കാതെ വാട്ടർ അതോറിറ്റി ടാപ്പുകൾ സ്ഥാപിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അനധികൃതമായി സ്ഥാപിക്കുന്ന പൊതു ടാപ്പുകളുടെ ബാദ്ധ്യത ഗ്രാമ പഞ്ചായത്തുകളുടെ അക്കൗണ്ടിൽപ്പെടുത്തുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(ഇ) ഗ്രാമ പഞ്ചായത്തുകളെ ഭീമമായ ബാദ്ധ്യതയിലേക്ക് തള്ളിവിടുന്ന ഇപ്പോഴത്തെ അവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രണ്ട് പൊതുടാപ്പുകൾ തമ്മിലുള്ള സാധാരണ അകലം 400 മീറ്ററും എന്നാൽ 200 മീറ്ററിൽ കുറയാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്.

(സി) ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യപ്രകാരം കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുവാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ പൊതുവായ ദൂരപരിധി നിഷ്കർഷിക്കാതെ കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിച്ചു നൽകാറുണ്ട്.

(ഡി) അനധികൃതമായി പൊതുടാപ്പുകൾ സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള ടാപ്പുകളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതരും ജലഅതോറിറ്റി ഉദ്യോഗസ്ഥൻമാരും സംയുക്തമായി പരിശോധന നടത്തി ആവശ്യമുള്ളവ നിലനിർത്തുകയോ അല്ലാത്തവ വിച്ഛേദിക്കുകയോ ചെയ്യാവുന്നതാണ്.

(ഇ) ഗ്രാമപഞ്ചായത്തുകൾ പൊതുടാപ്പുകൾ അനുവദിക്കുന്നതിൽ നിയന്ത്രണം പാലിക്കുകയാണെങ്കിൽ ഈ അവസ്ഥ സംജാതമാവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങളിൽ വിവിധ ഏജൻസികൾ സ്ഥാപിക്കുന്ന മുഴുവൻ ടാപ്പുകളുടെ വെള്ളക്കരവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടി വരുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ സാമ്പത്തിക ബാദ്ധ്യത യുണ്ടാകുന്നു. അത് സംബന്ധിച്ച് പരിശോധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലാണ് ടാപ്പുകൾ കൊടുക്കുന്നത്. ടാപ്പുകൾ കൊടുക്കുന്ന തിനുവേണ്ടി എൽ. എസ്. ജി. ഓർഡറുണ്ട്. എൽ. എസ്. ജി. ഡിപ്പാർട്ടുമെന്റ് ഇറക്കിയിട്ടുള്ള ഒരു ഗവൺമെന്റ് ഓർഡർ അതാണ്. ഇതുസംബന്ധിച്ചുള്ള Controlling ആയിട്ടുള്ള ഗവൺമെന്റ് ഓർഡർ അതനുസരിച്ചുള്ള നടപടിക്രമങ്ങളാണ് പാലിക്കുന്നത്. പക്ഷെ നമുക്കുള്ള പ്രയാസം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുകയും എന്നാൽ കരം കെട്ടാതെ വരുകയും ചെയ്യുന്നതുകൊണ്ട് വാട്ടർ അതോറിറ്റി കൂടുതൽ ബുദ്ധിമുട്ടിലേയ്ക്ക് പോകുന്നുയെന്നുള്ളതാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടാപ്പുകളെ സംബന്ധിച്ച് നിബന്ധനയുണ്ട്. അതുകൂടാതെ പൊതു ഏജൻസികൾ സ്ഥാപിക്കുന്ന ടാപ്പുകളെ സംബന്ധിച്ചാണ് പറഞ്ഞത്. പൊതുജനങ്ങളുടെ ആവശ്യപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലും മറ്റ് പല സ്ഥലങ്ങളിലും വാട്ടർ സപ്ലൈ സ്കീമിലെ വെള്ളത്തിന്റെ കുറവുമൂലം പൊതുടാപ്പുകൾ സ്ഥാപിക്കാൻ ഇപ്പോൾ സാധിക്കുന്നില്ല. ഇത് പരിശോധിച്ച് നിലവിലുള്ള ശുദ്ധജല പദ്ധതികൾക്ക് കൂടുതൽ ജലസ്രോതസ് ഉണ്ടാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 2-12-1993-ലെ ഗവൺമെന്റ് ഓർഡർ paragraph 3 request of installation of public hydrants അനുസരിച്ചുള്ള നിബന്ധന കളാണ് പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഇപ്പോഴുള്ളത്. പക്ഷേ ഇപ്പോൾ പറയുന്നത് ഫീസിബിലിറ്റി ഇല്ലാതെ വാട്ടർ കണക്ഷൻ കൊടുത്തിട്ട് കാര്യമില്ല എന്നാണ്. പ്രത്യേകിച്ച് രൂക്ഷമായ വരൾച്ചയുള്ള കാലഘട്ടത്തിൽ. ഫീസിബിലിറ്റിയാണ് പ്രധാനമായിട്ടുള്ളത്. ഫീസിബിലിറ്റിയുള്ള സ്ഥലങ്ങളിൽ വാട്ടർ കണക്ഷൻ കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല.

ശ്രീ. സി. മോയിൻ കുട്ടി : സർ, 297-ാമത്തെ ചോദ്യത്തിന് അങ്ങ് മറുപടി നൽകിയത് പുതിയ ടാപ്പ് നൽകുന്നതിന് 400 മീറ്ററാണ് ദൂരപരിധി എന്നാണ്. ചില പ്രത്യേക സാഹചര്യത്തിൽ അത് 200 മീറ്ററിലും നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി പരസ്പര ധാരണയില്ലാതെ വാട്ടർ അതോറിറ്റി ഇങ്ങനെ നൽകുന്നതുകൊണ്ട് വാസ്തവത്തിൽ വൻപിച്ച സാമ്പത്തിക ബാദ്ധ്യതയാണ് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കേണ്ടിവരുന്നത്. കപ്പാസിറ്റി പരിഗണിക്കപ്പെടുന്നില്ല. അതുകൊണ്ട് കപ്പാസിറ്റി പരിഗണിച്ച് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി സമയബന്ധിതമായി ജോയിന്റ് മീറ്റിംഗ് കൂടി കണക്ഷൻ നൽകുന്നതിനും അവർക്ക് വെള്ളം ലഭ്യമാക്കുന്നതിനുമുള്ള സാഹചര്യം ഉണ്ടാക്കുമോ? അതോടൊപ്പം തന്നെ വെള്ളം കിട്ടു മെന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള ഒരു ജോയിന്റ് മീറ്റിംഗ് കൂടുമെന്ന് ഉറപ്പ് നൽകാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനകത്ത് വാട്ടർ അതോറിറ്റി ഏകപക്ഷീയമായി ചെയ്യുന്ന പ്രശ്നമില്ല. വാട്ടർ അതോറിറ്റിക്ക് ഒരു റിക്വസ്റ്റ് വേണം. അതാണ് ഞാൻ ആ നിബന്ധന വായിച്ചത്. ഞാൻ പറഞ്ഞത് 2-12-1993-ൽ ഇറക്കിയ ഗവൺമെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയോട് റിക്വസ്റ്റ് ചെയ്യണം. അവർ റെസല്യൂഷൻ പാസാക്കണം. ആ റെസല്യൂഷന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യൂ. പിന്നെ രണ്ട് ടാപ്പുകൾ തമ്മിലുള്ള അകലത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. രണ്ട് ടാപ്പുകൾ തമ്മിൽ വേണമെങ്കിൽ 200 മീറ്റർ ആകാം. 400 മീറ്റർ വരെ പോകാം. രണ്ട് ടാപ്പുകളുടെ മദ്ധ്യത്തിൽ ഒരു എൽ. പി. സ്കൂളോ, അംഗനവാടിയോ, മദ്രസയോ, ക്ഷേത്രമോ, കോളനിയോ ഉണ്ടെങ്കിൽ അവരുടെ റിക്വസ്റ്റ് വന്നാൽ സ്വാഭാവികമായിട്ടും ആ റിക്വസ്റ്റ് മാനിക്കേണ്ടിവരും. അതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചാണ് ചെയ്യുന്നത്.

ശ്രീ. സി. മോയിൻ കുട്ടി : തീർച്ചയായും മാനിക്കപ്പെടുന്നത് വെള്ളത്തിനു വേണ്ടിയുള്ള ആവശ്യമാണ്. പക്ഷേ പ്രശ്നം അതല്ല. കപ്പാസിറ്റി പരിശോധിക്കാത്തതുകൊണ്ട് വെള്ളം ലഭ്യമാകുന്നില്ല എന്നുള്ളതാണ്. അതുപോലെ വെള്ളം ദുരുപയോഗപ്പെടുത്തുന്നത് വളരെ ഗൗരവമായി ഈ ഗവൺമെന്റ് കാണേണ്ടതാണ്. ദേശീയ പാതയിൽ പൂർണ്ണമായും നമുക്ക് കാണാൻ കഴിയുന്നത്. വാഹനങ്ങൾ കഴുകുന്ന കാര്യത്തിലായാലും അതുപോലെ കൃഷിക്ക് വെള്ളം കൊണ്ടുപോകുന്ന കാര്യത്തിലായാലും ഈ വെള്ളം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് അതികർശനമായ എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? അത് പരിശോധിച്ചിട്ടുണ്ടോ? അങ്ങനെ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. നടപടി സ്വീകരിക്കണം എന്ന നിലയിൽ തന്നെ നമുക്ക് നീങ്ങുകയും ചെയ്യാം. പക്ഷേ ടാപ്പിൽനിന്നും കിട്ടുന്ന ശുദ്ധജലം നമ്മുടെ ഗാർഡൻ നനയ്ക്കാനും വാഴ നനയ്ക്കാനും ഒക്കെ ഉപയോഗിക്കുന്നു. അതിലൊക്കെ നമ്മുടെ ചിന്ത വരുത്തുന്നതിനു വേണ്ടി ശ്രമിക്കണം. പൗരബോധമാണ് ഇതിനകത്തെ പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടാപ്പുകൾക്ക് പണം അടച്ച് പ്രമേയം പാസാക്കി കണക്ഷനുവേണ്ടി അപേക്ഷിച്ചാൽ വളരെയേറെ കാലതാമസം ഉണ്ടാകുന്നുണ്ട്. ആ കാലതാമസം ഒഴിവാക്കി പണമടച്ച് അപേക്ഷിച്ചാൽ നിശ്ചിത ദിവസത്തിനകം കണക്ഷൻ കൊടുക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇപ്പോഴത്തെ ചില സാമ്പത്തിക ബുദ്ധിമുട്ടുകളിൽനിന്നും കരകയറുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി ചില പുതിയ കർമ്മ പരിപാടികളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആ കർമ്മപരിപാടിയനുസരിച്ച് ഫീസിബിലിറ്റിയുണ്ടെങ്കിൽ പെട്ടെന്ന് വാട്ടർ കണക്ഷൻ കൊടുക്കുന്നതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ ചെയ്യുന്നതുപോലെ "own your water supply" എന്ന് പറയുന്ന പുതിയ പദ്ധതി ഇൻട്രോഡ്യൂസ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റി ആഗ്രഹിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ ഈ കാലഘട്ടത്തിൽ പല ടാപ്പുകളും കേടുപാട് കാരണം പ്രവർത്തിക്കാത്ത സാഹചര്യത്തിലാണ്. അതിന് ഒരു മൊബൈൽ യൂണിറ്റിലൂടെ എത്രയും വേഗത്തിൽ കേടുപാടുകൾ തീർക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒറ്റപ്പെട്ട കേടുപാടുകൾ മാത്രമല്ല, നമ്മൾ അതിനെക്കുറിച്ച് പൊതുവായ ഒരു നിലപാട് എടുത്ത് അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള തീവ്രമായ ഒരു ശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ ലൈനുകളിൽ കേടുപാടുണ്ടായാൽ അത് മേജറായ കേടുപാടാണെന്ന് വരുകിൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ ചെയ്തു തീർക്കുന്നതിനുള്ള സമയം കൊടുക്കുക; അതേസമയം ആ കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിക്കുക; അതോടൊപ്പം തന്നെ പറഞ്ഞിട്ടുള്ള സമയത്തുതന്നെ വെള്ളം എത്തിക്കാനുള്ള നടപടിയിലേയ്ക്ക് പോവുക. മൈനറായിട്ടുള്ള കാര്യങ്ങളാണെങ്കിൽ അത് പരിശോധിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രത്യേക ക്രമീകരണം കൂടി ഉണ്ടാകുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, പൊതുടാപ്പുകൾ കേരള വാട്ടർ അതോറിറ്റിതന്നെ നൽകുകയും കരം പിരിക്കുകയും ചെയ്യുമ്പോൾ ഇപ്പോൾ പുതിയതായി വന്നിരിക്കുന്ന പ്രശ്നം 'ജലനിധി പഞ്ചായത്ത്' വന്നതിനുശേഷം അത്തരം പഞ്ചായത്തുകളിൽ നേരത്തെ കേരള വാട്ടർ അതോറിറ്റി നൽകിയിരുന്ന പൊതു ടാപ്പുകൾ പൂർണ്ണമായും പഞ്ചായത്ത് ഏറ്റെടുക്കണമെന്ന് നോട്ടീസ് അയച്ചു. അതേസമയം ഏറ്റെടുക്കാൻ കഴിയില്ല എന്ന് പഞ്ചായത്തും. അങ്ങനെ തർക്കം നിൽക്കുന്ന ഒട്ടേറെ പഞ്ചായത്തുകളുണ്ട്. ഇത്തരം പഞ്ചായത്തുകളിൽ ലക്ഷംവീട് കോളനി അടക്കമുള്ള ഒരുപാട് കോളനികളിൽ വെള്ളം കൊടുക്കുന്നതിന് കരം ഈടാക്കിക്കൊണ്ടിരിക്കുന്നു. സൗജന്യമായി പഞ്ചായത്ത് കൊടുക്കുന്നത് പുതിയ സംവിധാനത്തിൽ ജലനിധി പഞ്ചായത്തുകൾ തുടർന്നും പൊതുടാപ്പുകൾ സ്ഥാപിച്ച് വാട്ടർ അതോറിറ്റി തന്നെ വെള്ളം കൊടുക്കാനുള്ള സംവിധാനം തുടരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് സൂചിപ്പിച്ചതിനേക്കാൾ കുറേക്കൂടി വിപുലമാണ് ഈ പ്രശ്നം. 1070 സിംഗിൾ പഞ്ചായത്ത് സ്കീമുകൾ കേരളത്തിലുണ്ട്. ഈ 1070 സിംഗിൾ പഞ്ചായത്ത് സ്കീമുകളും നന്നാക്കി പഞ്ചായത്തുകളെ ഏൽപ്പിക്കാൻ ഞങ്ങൾ തയ്യാറാണ്. എൽ. എസ്. ജി. ഡിപ്പാർട്ടുമെന്റുമായിട്ട് ഞങ്ങൾ ജോയിന്റായിട്ട് പലപ്രാവശ്യം ചർച്ച നടത്തി. പഞ്ചായത്തുകൾക്ക് അത് ഏറ്റെടുക്കാൻ കഴിയുന്നില്ല. ത്രിതല പഞ്ചായത്തു സമിതികൾക്ക് അധികാര വികേന്ദ്രീകരണം നടത്തിയപ്പോൾ ഈ സിംഗിൾ പഞ്ചായത്ത് സ്കീമുകൾക്കുള്ള 25 കോടിരൂപ ത്രിതല പഞ്ചായത്തുകൾക്ക് വകമാറി കൊടുത്തു. അതുകൊണ്ട് സിംഗിൾ പഞ്ചായത്ത് സ്കീമിൽപ്പെട്ട പദ്ധതികൾ നന്നാക്കുന്നതിനുള്ള തുക ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. ഞങ്ങളുടെ കയ്യിൽ പദ്ധതികൾ നിൽക്കുന്നു. പക്ഷേ പണം പോകുന്നത് പഞ്ചായത്തിലേയ്ക്കാണ്. പഞ്ചായത്തിന്റെ കയ്യിൽ പദ്ധതിയില്ല. അവരുടെ കയ്യിൽ പണം വരുന്നു. അതുകൊണ്ട് ഈ പണം ചെലവാക്കാൻ കഴിയാതെ വരുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഇതിന് പരിഹാരം കണ്ടെത്തുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ചാണ് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ പ്രശ്നം ഉള്ളത് എന്താണെന്നു വച്ചാൽ പഞ്ചായത്ത് പൊതു ടാപ്പുകൾ നേരത്തെ വാട്ടർ അതോറിറ്റി നടത്തിക്കൊണ്ടിരുന്ന സമയത്ത് പണം വാട്ടർ അതോറിറ്റിക്ക് അടയ്ക്കാൻ കഴിയും. ഇപ്പോൾ പ്രശ്നം പഞ്ചായത്തിൽ ജലനിധി പദ്ധതിപ്രകാരം ഓരോ പ്രദേശത്തും ചെറിയ ചെറിയ ബെനിഫിഷറി കമ്മിറ്റിയുണ്ടാക്കി അവിടെയാണ് അവർ പ്രത്യേകം പ്രത്യേകം കൈകാര്യം ചെയ്യുന്നത്. അത്തരത്തിൽ കൊടുക്കുമ്പോൾ പൊതുടാപ്പ് അതിൽ നിന്നും അനുവദിക്കാൻ കഴിയുന്നില്ല. കാരണം പഞ്ചായത്തിന് പൊതു ടാപ്പിന് കൊടുക്കേണ്ട കറന്റിന്റെ പണം പ്ലാൻ ഫണ്ടിൽ നിന്നും കൊടുക്കാൻ അനുവാദമില്ല. ഈ സാഹചര്യത്തിൽ പൊതുടാപ്പിൽ നിന്നും നിരന്തരം വെള്ളം കിട്ടിക്കൊണ്ടിരിക്കുന്ന ആളുകൾക്ക് പഞ്ചായത്തിൽ കറന്റിന്റെ പണം അടയ്ക്കാൻ പ്രൊവിഷൻ ഇല്ലാത്തതു കൊണ്ടുതന്നെ പണം അടയ്ക്കാൻ കഴിയുന്നില്ല. ലക്ഷംവീട് കോളനിയിൽപ്പെട്ട ആളുകൾക്ക് വെള്ളം കിട്ടാതിരിക്കുകയും പണം കൊടുക്കുകയും ചെയ്യുന്ന അനിശ്ചിത അവസ്ഥയുണ്ട്. അതുകൊണ്ട് ഒന്നുകിൽ പഞ്ചായത്തിന് പ്ലാൻ ഫണ്ടിൽനിന്നും പണം അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. അതല്ലങ്കിൽ കുടിവെള്ളം തുടർന്നും വാട്ടർ അതോറിറ്റിയിൽനിന്നും കൊടുക്കാനുള്ള ശ്രമം നടത്തുക. ഇതിൽ ഏതെങ്കിലും ഒന്ന് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പൊതുടാപ്പ് പൂട്ടണമെന്ന് ഏതെങ്കിലും പഞ്ചായത്തിന് ആവശ്യമുണ്ടെങ്കിൽ റെസല്യൂഷൻ പാസ്സാക്കി തന്നാൽ പൊതു ടാപ്പുകൾ പൂട്ടാം. പക്ഷേ പൊതുടാപ്പ് നിലനിൽക്കുന്നിടത്തോളംകാലം ആ ടാപ്പിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ വില വാട്ടർ അതോറിറ്റിക്ക് കിട്ടാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ച ചർച്ചയാണ് ഇവിടെ നടക്കുന്നത്. പലപ്പോഴും പൈപ്പിലൂടെ ശുദ്ധജലത്തിന് പകരം മറ്റുവെള്ളം വരുന്ന സന്ദർഭം ഉണ്ടായിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റും ടാങ്കും ഉയർന്നതും വിദൂരമായ സ്ഥലങ്ങളിലും സ്ഥിതിചെയ്യുന്നതുകൊണ്ട് പൊട്ടി ഒലിച്ച ടാങ്കുകളാണ് ഇതിന് പ്രധാനപ്പെട്ട കാരണമായി വരുന്നത്. അതുകൊണ്ട് വെള്ളം പരിശോധിക്കുവാനും നല്ല വെള്ളം ജനങ്ങൾക്ക് വിതരണം ചെയ്യുവാനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സാധാരണഗതിയിൽ വാട്ടർ അതോറിറ്റി സ്കീം എന്ന് പറയുമ്പോൾ അതിന് പമ്പിംഗ് സോഴ്സ് ഉണ്ട്, ക്ലിയർവാട്ടർ സബ് ഉണ്ട്, വാട്ടർ ട്രീറ്റുമെന്റ് പ്ലാന്റുണ്ട്. അതാണ് ഞങ്ങളുടെ സാധാരണ സിസ്റ്റം. അങ്ങ് സൂചിപ്പിക്കുന്നത് ഏതെങ്കിലും പഞ്ചായത്തിൽ ഡയറക്ടായിട്ട് പമ്പ് ചെയത് ഉണ്ടാകുന്ന ഏതെങ്കിലും ഒറ്റപ്പെട്ട ഒരു സംഭവമായിരിക്കാം. അത് എന്തായാലും ശ്രദ്ധയിൽപ്പെടുത്തിയാൽ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് ചെയ്യാവുന്ന സഹായം ചെയ്യാം.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഒരു നാഷണൽ വേസ്റ്റുപോലെ പലപ്പോഴും നമ്മുടെ റോഡുകളിൽ പൈപ്പ് പൊട്ടി വെള്ളം ആകാശത്തേക്ക് പോകുന്നത് ദൈനംദിന കാഴ്ചയായി മാറിയിട്ടുണ്ട്. വേസ്റ്റ് വാട്ടർ ശരിക്ക് വേസ്റ്റ് വാട്ടർ ആകുകയാണ്. അപ്പോൾ ശുദ്ധജല വിതരണപദ്ധതി ശരിക്കും ജനങ്ങളിലേക്ക് എത്തിക്കുവാൻ ഈ പൊതു ടാപ്പുകൾ ഉണ്ടാക്കുമ്പോൾ ജനങ്ങളുമായി ആലോചിച്ച്, ജനപ്രതിനിധികളുമായി

ആലോചിച്ച് പൊതുടാപ്പുകൾ ഉണ്ടാക്കണം. പൊട്ടിയ പൈപ്പുകളുടെ കാര്യത്തിൽ ഫോൺ ചെയ്താലും രണ്ടു മൂന്നു ദിവസം കാത്ത് നിന്നിട്ടും വെള്ളം വരാത്ത സ്ഥിതിയുണ്ട്. ആകാശത്തേക്ക് വെള്ളം പോകുന്ന ഈ പരിതസ്ഥിതിയിൽ, വെള്ളം വെറുതെ കളയാതെ ജനങ്ങൾക്കുവേണ്ടി വെള്ളം എത്തിക്കാൻ, വിളിച്ചാൽ കിട്ടുന്ന ഒരു ഫോൺ നമ്പരെങ്കിലും ജനങ്ങൾക്ക് കൊടുത്ത്, ഒരു അവയർനസ് ജനങ്ങളിൽ ഉണ്ടാക്കിക്കൊണ്ട് വേഗത്തിൽ വെള്ളം കിട്ടാനുള്ള ഒരു സംവിധാനം ബഹുമാനപ്പെട്ട മന്ത്രിയുണ്ടാക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇമ്മീഡിയറ്റായിട്ടുള്ള അറ്റൻഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയെക്കുറിച്ച് ഒരു വാക്കിലാണെങ്കിൽ ഞാൻ പറഞ്ഞു രണ്ടാം ആവർത്തി ഞാൻ സൂചിപ്പിക്കുന്നില്ല. ലീക്കേജ് കുറയ്ക്കുന്നതിനുള്ള നടപടികൾ ഞങ്ങൾ നോക്കുന്നുണ്ട്. എങ്കിൽപോലും നാൽപ്പത് ശതമാനത്തോളം ലീക്കേജ് നിലനിൽക്കുകയാണ്. പിന്നെ പൈപ്പിൽക്കൂടി പോകുന്ന ജലമായാലും പുറത്തുകൂടി പോകുന്ന ജലമായാലും—പൈപ്പിൽക്കൂടി പോയാൽ പൈപ്പ് വാട്ടർ, ഭൂമിയുടെ അടിയിൽക്കൂടി പോയാൽ ഗ്രൗണ്ട് വാട്ടർ—അതുകൊണ്ട് ജനങ്ങൾക്കുള്ള ശുദ്ധജലത്തിനകത്ത് നമുക്ക് ഇന്റർപ്ഷൻ ഉണ്ടാക്കാൻ പാടില്ല. പൈപ്പുകളൊക്കെ വളരെ പഴക്കമുള്ള, നാൽപ്പതു കൊല്ലവും നാൽപ്പത്തിയഞ്ചു കൊല്ലവും പഴക്കമുള്ള പൈപ്പുകളാണ്. എല്ലാം റിഹാബിലിറ്റേറ്റ് ചെയ്യാൻ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല, അതാണ് പ്രധാനപ്പെട്ട പ്രശ്നം.

<u>ശ്രീ. ടി. പി. എം. സാഹിർ</u>: ഈ കുടിവെള്ളക്ഷാമം വളരെക്കൂടുതൽ അനുഭവപ്പെടുന്ന സ്ഥലമാണ് കോഴിക്കോട് കോർപ്പറേഷൻ. എം. എൽ. എ. ഫണ്ടിൽ നിന്നും 30 ലക്ഷം ഉറുപ്പികയാണ് ചെലവഴിച്ചിട്ടുള്ളത്. ഒരു പൊതു ടാപ്പ് എം. എൽ. എ. പറഞ്ഞിടത്ത് കൊടുക്കാനുള്ള വ്യവസ്ഥ ഇന്നില്ല. കൗൺസിലർമാർക്ക് മാത്രമേയുള്ളൂ. അതുകൊണ്ട് എം. എൽ. എ.-മാർക്കും പൊതുടാപ്പ് കൊടുക്കുന്നതിനുള്ള പരിരക്ഷ ഉണ്ടാകണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: എം. എൽ. എ.-മാർക്ക് ഇതിനകത്ത് ആവശ്യമായ പരിരക്ഷ എന്താണെന്ന് പരിശോധിച്ച് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കളത്തിൽ അബ്ദുള്ള</u>: ഈ പൊതു ടാപ്പുകളിൽ നിന്ന് വെള്ളം പാഴായി പോകുന്നതിന് പ്രധാനമായ രണ്ട് കാരണങ്ങളിൽ ഒന്ന്, ഇടയ്ക്കിയ്ക്ക് ഈ ടെലിഫോൺ കേബിൾ കുഴിക്കുന്നതും അതുപോലെ ഗുണമേൻമയില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതുമാണ്. സത്യത്തിൽ ഈ ടെലിഫോൺ കേബിൾ കുഴിയ്ക്കുന്നതിനും, ഗുണമേൻമയുള്ള പൈപ്പുകളാണ് ഇടുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും വാട്ടർ അതോറിറ്റി എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: നമുക്കുള്ള പ്രയാസം ഞാൻ സൂചിപ്പിക്കാം, ദീർഘകാലമായി പഴക്കമുള്ള പൈപ്പുകളാണ്, അത് പലതും മാറ്റേണ്ട സമയവും കഴിഞ്ഞിട്ടുള്ളതാണ്. പക്ഷെ സാമ്പത്തികമായിട്ടുള്ള പ്രയാസങ്ങളാണ് നമ്മൾക്കുള്ള ഏറ്റവും വലിയ പ്രോബ്ലം അതുകൊണ്ട് അത് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, നമ്മുടെ ഗ്രാമപഞ്ചായത്തുകളിൽ പലരും വെള്ളക്കരത്തിന്റെ കുടിശ്ശിക അടയ്ക്കാൻ വിമുഖത കാണിച്ചതിന്റെ കാരണം പറഞ്ഞിരുന്നത് ഓൺ ഫണ്ടില്ലെന്നാണ്. പക്ഷെ ഇപ്പോൾ നമ്മുടെ ബഡ്ജറ്റിൽ തന്നെ പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റ് ഉയർത്തിയെന്ന് അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ മുഴുവൻ പഞ്ചായത്തുകളുടേയും ഈ വെള്ളക്കര കുടിശ്ശിക തീർക്കാൻ വല്ല നടപടിയുമുണ്ടോ? അങ്ങനെ തരാത്ത പഞ്ചായത്തുകളോട് വല്ല വിശദീകരണവും നമ്മുടെ ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെടുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നമുക്കുള്ള ഏറ്റവും വലിയ കുടിശ്ശിക പഞ്ചായത്തുകളുടെ കുടിശ്ശിക തന്നെയാണ്. ഇപ്പോൾ കൊച്ചി കോർപ്പറേഷന് മാത്രമായിട്ട് 64.2 കോടി രൂപ കുടിശ്ശികയുണ്ട്. 611 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി ഇന്ന് 231.48 കോടി രൂപ നമുക്ക് കുടിശ്ശികയായിട്ട് കിട്ടാനുണ്ട്. ഈ കുടിശ്ശികകൾ കിട്ടാത്തതു കൊണ്ടാണ് പുതിയ പദ്ധതികൾ നമുക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്തത്. അതുകൊണ്ട് എല്ലാ കരങ്ങളും പിരിച്ചെടുക്കാൻ ശ്രമിക്കുന്ന നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ബാദ്ധ്യതകൂടി നിർവ്വഹിക്കുന്നതിനുവേണ്ടി തയ്യാറാകണം. എങ്കിലേ നമുക്ക് വേഗത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

തീരക്കടൽ മത്സ്യബന്ധനവും ആഴക്കടൽ മത്സ്യബന്ധനവും വർദ്ധിപ്പിക്കുന്നതിന് പദ്ധതി

4 [*293] ശ്രീ. പി. കെ. അബ്ദുറബ്ബ് :

,, പി. കെ. കെ. ബാവ :

,, കളത്തിൽ അബ്ദുള്ള :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടൽ മൽസ്യബന്ധനവും ആഴക്കടൽ മൽസ്യബന്ധനവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിന് ഉദ്ദേശിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ & ബി) തീരക്കടൽ മൽസ്യബന്ധനവും ആഴക്കടൽ മൽസ്യബന്ധനവും വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ പല പദ്ധതികളും നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

(i) കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കായി 2458 ലക്ഷം രൂപ അടങ്കൽ തുകയുള്ള സംയോജിത മൽസ്യവികസന പദ്ധതി.